**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന ടെണ്ടറിൽ പങ്കെടുക്കുന്നതിന്, കെൽട്രോൺ സെക്യൂരിറ്റി ഡെപ്പോസിറ്റും ഇ.എം.ഡി.യും അടയ്ക്കുന്നത് ഒഴിവാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം.657/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 15.03.2013.

പരാമർശം:- കെൽട്രോൺ ജനറൽ മാനേജരുടെ 27.02.2013 ലെ TVM/ITBG/PK/12-13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന ടെണ്ടറിൽ പങ്കെടുക്കാൻ സെക്യൂരിറ്റി ഡെപ്പോസിറ്റും ഇ.എം.ഡി.യും അടയ്ക്കുന്നത് ഒഴിവാക്കി തരണമെന്ന് കെൽട്രോൺ ജനറൽ മാനേജർ പരാമർശം കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്ഷണിക്കുന്ന ടെണ്ടറിൽ പങ്കെടുക്കാൻ സെക്യൂരിറ്റി ഡെപ്പോസിറ്റും ഇ.എം.ഡി.യും അടയ്ക്കുന്നതിൽ നിന്നും കെൽട്രോണിനെ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.കൃഷ്ണനുണ്ണി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, കെൽട്രോൺ
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ നഗരസഭാ മേയർ/ ചെയർമാൻ /സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ